*Celebrating Extraordinary Missionary Month October 2019…*

**Sunday, 20 October 2019**
1 Cor 9:13-18; Lk 10:1-5
Mission Sunday
Fr. Peter Kochalumkal CMI

ഇന്ന് തിരുസ്സഭ മിഷൻ ഞായർ ആചരിക്കുകയാണ്. വിശാലമായ അർത്ഥത്തിൽ കർത്താവീശോമിശിഹായിൽ വിശ്വസിക്കുകയും മാമ്മോദീസായിലൂടെ സഭാസമൂഹത്തിന്റെ കൂട്ടായ്മയിൽ ജീവിക്കുകയും ചെയ്യുന്നവരുടെ ദൈവവചനപ്രഘോഷണ കടമയെപ്പറ്റി ഓർമ്മിപ്പിക്കുന്ന ""ഓർമ്മദിനമാണ്" മിഷൻ ഞായർ. കർത്താവിന്റെ വിളിക്ക് നമ്മൾ ഉത്തരം കൊടുത്തതിന്റെ ഫലമാണ് ക്രൈസ്തവജീവിതം. മാമ്മോദീസായിലൂടെയാണ് ഈ ദാനം നമുക്കു നല്കപ്പെട്ടത്. ദാനമായിക്കിട്ടിയതിനെ ദാനമായിക്കൊടുക്കുന്ന പ്രക്രിയയാണ് മിഷൻ അഥവാ സാക്ഷ്യം വഹിക്കലും ദൈവവചനപ്രഘോഷണവും. വാക്കും, പ്രവൃത്തിയും ജീവിതവും കൊണ്ട് ഇതിനെ ദാനമായിക്കൊടുക്കാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടിരിക്കുന്നു എന്ന് ഓർമ്മിപ്പിക്കാൻ വേണ്ടിയുള്ളതാണ് മിഷൻ ഞായർ ആചരണം.
പരിമിതമായ അർത്ഥത്തിൽ നാടും വീടും വിട്ട് ദൈവവചനപ്രഘോഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും അങ്ങനെയുള്ള ഇടങ്ങളെപ്പറ്റിയും സൂചിപ്പിക്കുന്നതാണ് മിഷൻ. അതിൽ വൈദികരെയും സന്ന്യാസീസന്ന്യാസിനികളെയും അല്മായപ്രേഷിതരെയും സഭാനേതൃത്വത്തോടൊപ്പം ഓർമ്മിക്കുന്നു. ആത്യന്തികമായിപ്പറഞ്ഞാൽ ഈ രണ്ടു തലങ്ങളും (വിശാലവും പരിമിതവും) സാക്ഷ്യത്തേയും ദൈവവചനപ്രഘോഷണത്തെയും സ്നേഹസമൂഹസ്ഥാപനത്തേയും ലക്ഷ്യമായിക്കാണുന്നു. ഈ കടമയുടെ ഓർമ്മപ്പെടുത്തലാണ് മിഷൻ ഞായർ.
സാക്ഷ്യത്തിലൂടെയും പ്രസംഗത്തിലൂടെയും വിശ്വസിക്കുന്നവരെ മാമ്മോദീസായിലൂടെ സഭാസമൂഹത്തിന്റെ ഭാഗഭാക്കുകളാക്കുവാനുള്ള കടമ ഓരോ ക്രൈസ്തവനുമുണ്ട്.
ഇന്നത്തെ സുവിശേഷം ദൈവവചനപ്രഘോഷണത്തിന്റെ വെല്ലുവിളിയെപ്പറ്റിയും പൗലോസ് ശ്ലീഹാ, ക്രൈസ്തവന്റെ കടമയായ ദൈവവചനപ്രഘോഷണത്തിന്റെയും അതിന്റെ പ്രതിഫലനത്തെപ്പറ്റിയും പറയുന്നു (1 കൊറി 9:13-18).
ക്രിസ്താനുഭവത്തിലൂടെ ഈശോമിശിഹായെ പിഞ്ചെല്ലുന്നവൻ തനിക്കു കിട്ടിയ ദാനത്തെ മറ്റുള്ളവർക്ക് പങ്കുവച്ചില്ലെങ്കിൽ അത് ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തമായി പൗലോസ് ശ്ലീഹാ കാണുന്നു.
ദൈവവചനപ്രഘോഷണത്തിന്റെ ആദ്യത്തെ വെല്ലുവിളി ത്യാഗമനോഭാവമാണ്. ന്യായമായ അവകാശങ്ങളെപ്പോലും ത്യജിക്കുന്നവനേ ക്രൈസ്തവ ആദ്ധ്യാത്മികതയുടെ ആഴത്തിലേയ്ക്കു കടക്കാനാകൂ. ഉണ്ടാക്കുവാനും ഉപയോഗിക്കുവാനും

ശേഖരിക്കുവാനും ഉള്ള അവകാശം ഒരാൾക്കുണ്ട്.
ദൈവരാജ്യത്തിനുവേണ്ടി ഈ അടിസ്ഥാന അവകാശങ്ങൾ പോലും ഇല്ലതാക്കാൻ മനസ്സുള്ളവനാണ് മിഷണറി അഥവാ ദൈവവചനപ്രഘോഷകൻ. തന്നിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിന്റെ നിരന്തരമായ സാന്നിദ്ധ്യത്തെയും നയിക്കലിനെയും അംഗീകരിക്കുന്നവനേ അർത്ഥപൂർണ്ണമായി സുവിശേഷം പ്രസംഗിക്കാനാകൂ.
ഇന്നത്തെ സുവിശേഷം ത്യാഗജീവിതത്തിന്റെ ബാലപാഠമാണ്. സ്വർണ്ണവും വെള്ളിയും ചെമ്പും നിഷിദ്ധം... ഒരുടുപ്പ് ധാരാളം; രണ്ടാമത്തേത് ഭാരം... കിട്ടുന്നതൊക്കെ സൂക്ഷിക്കാൻ സഞ്ചി സൂക്ഷിക്കുന്നവൻ ദൈവരാജ്യനിർമ്മിതിക്കു അയോഗ്യൻ... ഉടുതുണി മാറാൻ വേറൊരു തുണി പോലും കരുതാൻ അവകാശമില്ലാത്തവനാണ് അപ്പസ്തോലൻ... ഊന്നുവടിക്ക് പോലും നിയന്ത്രണം കല്പിക്കുന്നവനാണ് മിഷണറി... അനിതരസാധാരണവും വിപ്ലവകരവുമായ പ്രഘോഷണശൈലിയാണിത്.
ഇത്രയുമുള്ളവനേ ഈശോയെ പ്രസംഗിക്കാനാകൂ എന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു! ഇങ്ങനെയുള്ളവർക്കേ അയച്ചവനുമായി നിരന്തരസമ്പർക്കം പുലർത്താനാവൂ... ചൈതന്യം സ്വാംശീകരിക്കാനാകൂ... അയച്ചവൻ, എല്ലാമുണ്ടായിട്ടും കാലിത്തൊഴുത്തിൽ പിറന്നവനാണ്... പുറമ്പോക്കുകളുടെയും പുറമ്പോക്കുകളിലുള്ളവരുടെയും മദ്ധ്യസ്ഥനാണവൻ. അവനെപ്പറ്റി പ്രസംഗിക്കാൻ സ്വർണ്ണമുള്ളവനും രണ്ടാമതൊരുടുപ്പുള്ളവനും സഞ്ചിയുള്ളവനും അർഹതയില്ല എന്നു സാരം.
കെട്ടുപാടുകളില്ലാത്തവനായിരിക്കണം അവനെന്നു സുവിശേഷം... ദരിദ്രരോട് സുവിശേഷം പ്രസംഗിക്കാൻ ആത്മാവിനാൽ നയിക്കപ്പെട്ടവനാണ് ഈശോ... ക്രിസ്തു ശിഷ്യന്റെയും കടമയിതാണ്; കെട്ടുപാടുകളില്ലാതെ, തിരിഞ്ഞുനോട്ടമില്ലാതെ, ആസക്തിയില്ലാതെ, ഉടുവസ്ത്രങ്ങളുടെ മേന്മയിൽ വിശ്വസിക്കാതെ, എന്തിന് ഊന്നുവടിയെപ്പോലും ഉപേക്ഷിക്കാൻ പറ്റിയ പ്രതീക്ഷയോടും വിശ്വാസത്തോടും കൂടി വരുമ്പോഴേ കർത്താവിനു സാക്ഷ്യം വഹിക്കാനാകൂ എന്ന് ഈശോ അപ്പസ്തോലന്മാരെ പഠിപ്പിക്കുന്നു. ഇതാണ് ആദ്യത്തെ മിഷണറി സന്ദേശം.
ഇതു പ്രായോഗികമാക്കിയവനാണ് വി. പൗലോസ്. എല്ലാം ഉണ്ടായിട്ടും സ്വയം നഷ്ടപ്പെടുത്തി; ദൈവരാജ്യത്തിനുവേണ്ടി, സദ്വാർത്ത അറിയിക്കുന്നതിനു വേണ്ടി, കർത്താവിനു സാക്ഷ്യം വഹിക്കുന്നതിനു വേണ്ടി ജീവിച്ച പൗലോസ് ശ്ലീഹായുടെ സുവിശേഷ ചൈതന്യമാണ് മിഷൻ ഞായർ ആചരണത്തിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.
ക്രൈസ്തവജീവിതം പ്രത്യാശയുടേതാണ്. ദൈവവചനപ്രഘോഷണ ഫലങ്ങൾ നമ്മൾ കാണുകയോ കിട്ടുകയോ ചെയ്യണമെന്നില്ല. നമ്മൾ വിത്തുവിതച്ച് കടന്നുപോകുന്നു... സംരക്ഷിക്കേണ്ടതും പൂർത്തിയാക്കേണ്ടതും ആത്മാവാണ്. മിഷണറി പ്രത്യാശയുള്ളവനാണ്. വചനം സ്വീകരിക്കാത്തവനെ

വിട്ടുപിരിയുമ്പോഴും പ്രത്യാശ കൈവെടിയാതിരിക്കാൻ, സർവ്വവും ദൈവത്തിലർപ്പിക്കാൻ നമുക്കു കടമയുണ്ട്... മിഷണറി ദൈവത്തിന്റെ ഉപകരണം മാത്രമെന്ന യാഥാർത്ഥ്യം മനസ്സിലാക്കണമെന്നു സാരം!
ദൈവവചനം നമുക്കു നല്കപ്പെട്ടിരിക്കുന്നു. ക്രൈസ്തവനിലൂടെയേ സുവിശേഷം മറ്റുള്ളവരിലെത്തൂ. അതിനെ ജീവിക്കാനും പങ്കുവയ്ക്കാനുമുള്ള കടമയാണ് മാമ്മോദീസാ വഴി നമുക്കു കിട്ടിയിരിക്കുന്നത്. സുവിശേഷത്തോടുള്ള അടങ്ങാത്ത ആഗ്രഹവും അത് പങ്കുവയ്ക്കാനുള്ള തീക്ഷ്ണതയും ക്രൈസ്തവനുണ്ടാകണമെന്ന് മിഷൻ ഞായർ ഓർമ്മിപ്പിക്കുന്നു. കേരളത്തിൽ വയോജന വിദ്യാഭ്യാസം തുടങ്ങിയ കാലത്ത് എൺപത്തഞ്ചു വയസ്സിലേറെ പ്രായമുണ്ടായിരുന്ന ഉതുപ്പാൻ എന്ന വല്ല്യപ്പച്ചനോട് പത്രപ്രവർത്തകൻ ചോദിച്ചു, ഈ പ്രായത്തിൽ ഇത്ര കഷ്ടപ്പെട്ട് അക്ഷരം പഠിക്കാൻ കാരണമെന്താണ്? അദ്ദേഹം പറഞ്ഞു, ""മരിക്കുന്നതിനു മുമ്പ് എനിക്ക് ബൈബിൾ മുഴുവൻ ഒരു പ്രാവശ്യമെങ്കിലും വായിക്കണം… എന്റെ കുഞ്ഞുമക്കൾക്ക് അത് പറഞ്ഞു കൊടുക്കണം." തീക്ഷ്ണമായ ദൈവവചനജീവിതവും പ്രഘോഷണവുമാണ് വല്ല്യപ്പച്ചന്റേത്. ആ മനുഷ്യന്റെ ഹൃദയത്തിൽ സുവിശേഷത്തിന്റെ തീയുണ്ട്... ആ തീയാണ് വരുംതലമുറയ്ക്ക് അദ്ദേഹത്തിന് കൊടുക്കാനുള്ളത്. മിഷൻ ഞായർ ആചരണവും കത്തിപ്പടരുന്ന അഗ്നിയാകണം... ആ അഗ്നിയിൽ എല്ലാം വിശുദ്ധീകരിക്കപ്പെടണം; ദൈവരാജ്യം സ്ഥാപിക്കപ്പെടണം.

Published by
CMI General Department of Evangelization and Pastoral Ministry